forward at least with a portion of the amount necessary, it is impossible for any Government to undertake works of this kind. Anyway I would forward this to the Irrigation Board and consult their opinion.

Mr. Puthur Achyuta Menon *(Kattur):* It is enough if they are repaired.

Dr. A. R. Menon *(Minister for Rural Development):* That will be looked into.

PANANCHERI PANCHAYAT—IMPROVEMENT OF CHANDIKKULAM

247. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ദേവസ്വമെമ്പർ ദയവു മറുപടി പറയുമോ:—

(എ) പാണഞ്ചേരി പഞ്ചായത്തിൽപ്പെട്ട ചണ്ടിക്കുളം നന്നാക്കുവാൻ ഈ കൊല്ലത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള പണം പ്രസ്തുത പണിക്കു ഇതുവരെ ചിലവു ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു;

(സി) ഇനി ഈ കൊല്ലത്തിൽ പ്രസ്തുത കുളം നന്നാക്കിക്കുവാൻ സാധിക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ : (എ) & (ബി) പണി തുടങ്ങിയപ്പോൾ അതു ദേവസ്വം കുളമാണെന്നു അറിയുകയാൽ പണി തുടർന്നില്ല.

(സി) ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ കുളം ഏകദേശം എത്രകണ്ടു വിസ്താരമുള്ളതാണെന്നു പറയാമോ?

ഡോക്ടർ എ. ആർ. മേനോൻ : ഇതു ഒരു വലിയകുളമാണു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതു എല്ലാജാതിമതസ്ഥരും കുളിച്ചിരുന്ന ഒരു കുളമല്ലെ?

ഡോക്ടർ എ. ആർ. മേനോൻ : കുളിച്ചിരുന്നുവെന്നാണു അന്വേഷണത്തിൽ കിട്ടിയ അറിവു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എന്നാണു ഇതു ദേവസ്വം വകയാണെന്നു മനസ്സിലായതു?

ഡോക്ടർ എ. ആർ. മേനോൻ : അവിടെ പണി തുടങ്ങി, കുറെ പണി ചെയ്തുകഴിഞ്ഞപ്പോൾ അതു ദേവസ്വം കുളമാണെന്നുള്ള ഒരു കടലാസ്സുവന്നു. ആ വിവരം റവന്യൂ ഡിപ്പാർട്ടുമെണ്ടിനെ അറിയിച്ചപ്പോൾ ദേവസ്വം കുളമാണെന്നു മറുപടി അയച്ചു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എത്ര പണമാണു അതിലേക്കു ചിലവു ചെയ്തതു?

ഡോക്ടർ എ. ആർ. മേനോൻ : എസ്റ്റിമേറു അഞ്ഞൂറു ഉറുപ്പികയാണു. ഏകദേശം കെ. യോളം ചിലവായിട്ടുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ആ കുളം ദേവസ്വത്തിലേക്ക പതിച്ചു കൊടുത്തിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ : അതിന്ന നോട്ടീസ്സ വേണം.

മിസ്റ്റർ കെ. അയ്യപ്പൻ : എല്ലാവരുംകൂടിച്ചിരുന്ന കുളം ദേവസ്വത്തിലേക്ക വിട്ടുകൊടുത്തതിന്റെ കാരണമെന്തു"?

ഡോക്ടർ എ. ആർ. മേനോൻ: മുമ്പു ആ കുളം ദേവസ്വം വകയായിരുന്നു. Don't take it as a definite answer. That is the information I gathered.

മിസ്റ്റർ കെ. അയ്യപ്പൻ: കസ്റ്റംപ്രകാരം എല്ലാവരും കുളിച്ചിരുന്ന കുളം രണ്ടാമതും എല്ലാവർക്കും കുളിക്കുവാൻ പാടില്ലാതാക്കുന്നതു ശരിയാണോ?

ഡോക്ടർ എ. ആർ. മേനോൻ: കഴിഞ്ഞ സെറ്റിൽമെന്റു സർവ്വെ നടത്തിയതിൽ അതു ദേവസ്വം വകയായിട്ടാണു" വെച്ചിരിക്കുന്നതു".

മിസ്റ്റർ കെ. അയ്യപ്പൻ : ചില സമുദായക്കാർക്ക ചില കുളങ്ങൾ ഉപയോഗിക്കുവാൻ പാടില്ലെന്നുള്ളതു കസ്റ്റം കൊണ്ടല്ലെ?

ഡോക്ടർ എ. ആർ. മേനോൻ : അതെ.

മിസ്റ്റർ കെ. അയ്യപ്പൻ : കസ്റ്റംപ്രകാരംതന്നെ എല്ലാവർക്കും ഉപയോഗിക്കുവാനുള്ള കുളങ്ങൾ ഈ കാലസ്ഥിതിക്ക വിപരീതമായി ചിലർക്കായിട്ടു നീക്കിവെക്കേണ്ട ആവശ്യമുണ്ടോ?

Dr. A. R. Menon *(Minister for Rural Development):* What right have I to interfere in this matter?

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ ചോദിക്കുന്നതു ഒരു പോളസിയെ സംബന്ധിക്കുന്ന കാര്യമാണു". കസ്റ്റംപ്രകാരം ചിലർ മാത്രം ഉപയോഗിക്കുന്നതുംകൂടി എല്ലാവരും ഉപയോഗിക്കണമെന്ന പറയുന്ന ഈ കാലത്തു കസ്റ്റംപ്രകാരം എല്ലാവരും ഉപയോഗിച്ചുകൊണ്ടിരുന്നതു ഇപ്പോൾ അങ്ങിനെ പാടില്ലെന്ന പറയുന്നതു ശരിയാണോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : അങ്ങിനെ ചെയ്തിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മന്ത്രിയാണ പറഞ്ഞതു"; മുമ്പു അതു എല്ലാവരും ഉപയോഗിച്ചിരുന്നതെന്നു".

ഡോക്ടർ എ. ആർ. മേനോൻ: ഡെഫനിറ്റായിട്ട അന്വേഷിച്ചു പറഞ്ഞതാണു".

മിസ്റ്റർ കെ. അയ്യപ്പൻ : മുമ്പു എല്ലാവരും ഉപയോഗിച്ചിരുന്നുവെങ്കിൽ ഇനിയും അതു എല്ലാവർക്കും ഉപയോഗിക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുമോ?

Dr. A. R. Menon *(Minister for Rural Development):* I can only refer this matter, since it comes under the Devaswam Department. I can't do anything more than that.

മിസ്റ്റർ കെ. അയ്യപ്പൻ : ഇവിടെ ഞങ്ങൾ ചോദിക്കുന്ന ചോദ്യത്തിന്ന ഉത്തരം പറയുവാൻ അവകാശപ്പെട്ടവർ മറുപടി പറഞ്ഞാൽ കൊള്ളാം.

ഡോക്ടർ എ. ആർ. മേനോൻ : ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള കുളമാണെങ്കിൽ ദേവസ്വക്കാർ സമ്മതിച്ചിട്ടും ആകാം; അവർ ഡെലിഗേറ്റ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുമാകാം. യഥാർത്ഥത്തിൽ ദേവസ്വത്തിൽനിന്നും അനുവദിച്ചിട്ടുണ്ടെങ്കിൽ ഇനിയും അവർക്ക് അനുവദിക്കുവാൻ വിരോധമില്ല. ഗവമ്മെണ്ടിനു ദേവസ്വത്തിന്റെ ഉടമസ്ഥതയിലിരിക്കുന്ന കുളം എല്ലാവർക്കും കുളിക്കുവാൻ കൊടുക്കണമെന്നു നിശ്ചയിക്കുവാൻ അവകാശമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: ഇതു ദേവസ്വം കുളം ആണെന്നുള്ള ബഹുമാനപ്പെട്ട റവന്യൂ മെമ്പർ പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ കെ. അച്യുതമേനോൻ: നോട്ടീസ്സ് കൂടാതെ പറയുവാൻ സാധിക്കയില്ല. ദേവസ്വം വകയായിരിക്കണം.

മിസ്റ്റർ കെ. അയ്യപ്പൻ: ആ സ്ഥലമോ, കുളമോ ഏതാണ് ദേവസ്വം വക?

മിസ്റ്റർ കെ. അച്യുതമേനോൻ: കുളത്തിലുള്ള വെള്ളവും അതിന്റെ അടിയിലുള്ള ഭൂമിയും.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഈ കുളം നന്നാക്കുവാൻ പഞ്ചായത്തിൽ നിന്നു ചിലവാക്കുവാൻ തുടങ്ങീട്ടു എത്ര കാലമായി?

Dr. A. R. Menon *(Minister for Rural Development):* I want notice. It requires reference to the back files.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഈ കുളമിരിക്കുന്ന സ്ഥലം അമ്പലത്തിൽ ദേവസ്വം റിക്കാർഡിൽ പെട്ടതോ, അതോ കുളം ദേവസ്വത്തിൽ നിന്നും കുഴിപ്പിച്ചതോ?

Mr. K. R. Viswambharan *(Ezhuvas-Talappalli):* Was it not at the request of the Public of the place that this work was taken up?

Dr. A. R. Menon *(Minister for Rural Development):* Yes.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഈ കുളം എത്ര കാലമായി പഞ്ചായത്തിൽ നിന്നും ചിലവു ചെയ്തു നന്നാക്കി വരുന്നു?

Dr. A. R. Menon *(Minister for Rural Development):* I want notice. I had not been to that place afterwards.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഈ കുളം ഇരിക്കുന്ന സ്ഥലം ദേവസ്വം റിക്കാർഡിൽ പെട്ടിട്ടുള്ളതു് മുഴുവനുമോ, ഏതാനും ഭാഗം മാത്രമോ?

Mr. K. Achyuta Menon *(Diwan Peishkar):* It comes within my Department and I want notice.

മിസ്റ്റർ കെ. അയ്യപ്പൻ: ഒരു അഭിപ്രായം ഇതിനെ സംബന്ധിച്ചു് എനിക്കു പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. കസ്റ്റം പ്രകാരമുള്ള സംഗതികളെല്ലാം വരുമ്പോൾ ഈ സഭ ഗവമ്മെണ്ടിനെ സഹകരിക്കുകയാണു് ചെയ്യുന്നതു്. ആ വക സംഗതികളിൽ ഗവമ്മെണ്ടിനെ അനാവശ്യമായി വിഷമിപ്പിക്കാറുമില്ല. അതുകൊണ്ടു് കസ്റ്റംപ്രകാരം എല്ലാവരും ഉപയോഗിച്ചുവന്നിരുന്ന കുളം വീണ്ടും ഉപയോഗിയ്ക്കുന്നതിനു് ഗവമ്മെണ്ടു വേണ്ട നടപടി നടത്തണമെന്നാണു് ഞാൻ പറയുന്നതു്.

Mr. President: If it is a fact that the tank was customarily used by all communities, Government will not deprive any community of that right.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Achyuta Menon *(Diwan Peishkar):* It is only a question of fact.

Mr. President: It is not our intention to take away public tanks from the hands of the public. Even if originally the tank belonged to Devaswam, if by custom it had been thrown open to all communities, it should be thrown open to all.

Mr. K. Achyuta Menon *(Diwan Peishkar):* The Devaswam also will not be justified in depriving the public of that right.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കുളത്തിന്റെ പണി തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ അതു ദേവസ്വം വകയാണെന്നു് എഴുതി വന്നതായി പറഞ്ഞു; അതു് എതു കാലത്താണു്?

ഡോക്ടർ എ. ആർ. മേനോൻ: അതു കഴിഞ്ഞ് ഇപ്പോൾ നാലഞ്ചു മാസത്തോളമായിരിയ്ക്കും.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പഞ്ചായത്തിൽ നിന്നു് ഈ കുളത്തെ സംബന്ധിച്ചോ, ഇതിന്റെ ഉടമസ്ഥതയെ സംബന്ധിച്ചോ എഴുതിയയക്കുകയുണ്ടായോ?

ഡോക്ടർ എ. ആർ. മേനോൻ: ആദ്യം ഇതു് പഞ്ചായത്തിൽ പെട്ടതാണെന്നു വിചാരിച്ചു; ദേവസ്വത്തിൽ പെട്ടതാണെന്നുള്ളതിച്ചില്ല. അങ്ങിനെ വിചാരിച്ചു പണി തുടങ്ങി; കടലാസു വന്നപ്പോൾ പണി നിറുത്തി.

Mr. President: You will make the necessary enquiries and do the needful.

Dr. A. R. Menon *(Minister for Rural Development):* Yes, Sir.

DANGEROUS AND OFFENSIVE TRADE—LICENSE FEES—EXEMPTIONS FOR DEPRESSED CLASSES

248. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽ നിന്നും സദയം മറുപടിനൽകുമോ.—

നിത്യവൃത്തി കഴിച്ചുകൂട്ടുന്നതിനു മാത്രം മത്സ്യം ഉണക്കുക, ചുണ്ണാമ്പു് നിറുക മുതലായി അധഃകൃതർ നടത്തിവരുന്ന കുടിൽവ്യവസായത്തിനു ഹെൽത്തു് വകുപ്പു്, മുനിസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങൾ ഇപ്പോൾ ചുമത്തിവരുന്ന ലൈസൻസ്സ്ഫീസ്സ് ഒഴിവാക്കി സാധുക്കളായ അധഃകൃതരെ രക്ഷിക്കുന്നതിനു് ദയവുണ്ടാകുമോ?

ഡോക്ടർ എ. ആർ. മേനോൻ: പൊതുജനാരോഗ്യം പ്രമാണിച്ചു് ലൈസൻസ്സ് ഫീസ്സിൽ നിന്നു പൊതുവെ ഒഴിവാക്കുവാൻ നിവൃത്തിയില്ല. പക്ഷെ ഓരോ വ്യക്തികളുടെ അർഹതയനുസരിച്ചു് സാധു വ്യവസായികൾക്കു ഫ്രീ ലൈസൻസ് കൊടുക്കാറുണ്ടു്.

AYURVEDA VAIDYASALAS—DONATIONS FOR

249. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: താഴെ ചോദ്യത്തിനു് ഗവൺമെൻറു് ദയവായി മറുപടി പറയുമോ.—

(*a*) ആയുർവ്വേദാസ്പത്രികൾ സ്ഥാപിക്കുന്നതിനും അഭിവൃദ്ധി വരുത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly